(ബി) അതിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ എത്ര;

(സി) കേന്ദ്ര സിൽക്ക് ബോർഡിൽ നിന്നും എത്ര പേർ ഡെപ്യൂട്ടേഷനിൽ ഇവിടെ ജോലിനോക്കുന്നുണ്ട്;

(ഡി) നാളിതുവരെയായി സെൻട്രൽ സിൽക്ക് ബോർഡിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 326 ജീവനക്കാരുണ്ട്.

(ബി) 28 പേർ.

(സി) 11 പേർ.

(ഡി) സെൻട്രൽ സിൽക്ക് ബോർഡിൽനിന്ന് വിവിധ കാലയളവിൽ സെറിഫെഡിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് 29-2-2000 വരെ 46.52 ലക്ഷം രൂപ ചെലവഴിച്ചു.

50 (2198) സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിലെ ജീവനക്കാർക്ക് ഏറ്റവും അവസാനം ശമ്പള പരിഷ്ക്കരണം നൽകിയത് എന്നാണ്;

(ബി) സെറിഫെഡ് ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1995-ൽ സെറിഫെഡ് രൂപീകരിച്ചപ്പോൾ അനുവദിച്ച ശമ്പള സ്കെയിലുകളാണ് ഇപ്പോഴും നിലവിലുള്ളത്.

(ബി)&(സി) സെറിഫെഡിൽ നേരിട്ടു നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ, കേസ്സിൽ തീരുമാനമാകുന്ന മുറയ്ക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

51 (2199) സെറിഫെഡിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിൽ പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ മാനേജർ തസ്തികയിൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി നോക്കി വരുന്ന ആളെ ഈ തസ്തികയിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഇങ്ങനെ ഒരു തസ്തികയുടെ ആവശ്യം ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(സി) അടച്ചു പൂട്ടപ്പെടുന്ന മറ്റു സ്ഥാപനങ്ങളിലെ എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനുള്ള ആവശ്യകത മനസ്സിലാക്കിയാണ് പ്രസ്തുത തസ്തിക ഗവൺമെന്റ് അംഗീകരിച്ചത്.

(സി) ആകെ 28 പേർ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. ഇവർ സെൻട്രൽ സിൽക്ക് ബോർഡ്, സംസ്ഥാന കൃഷി വകുപ്പ്, ട്രാവൻകൂർ ഷുഗേഴ്സ്, സ്റ്റീൽ ഇൻസ്ട്രീസ് കേരളാ ലിമിറ്റഡ്, കെൽട്രോൺ, കരകൗശല വികസന കോർപ്പറേഷൻ മുതലായ കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവരാണ്. ഇവയൊന്നും അടച്ചു പൂട്ടപ്പെടുന്ന സ്ഥാപനങ്ങളല്ല.

52 (2200) സെറിഫെഡ് ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ്

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷനിൽ അവസാനമായി എന്നാണ് തെരഞ്ഞെടുപ്പ് നടന്നത്, പ്രസ്തുത ഭരണസമിതിയുടെ കാലാവധി എന്നാണ് അവസാനിച്ചത്;

(ബി) ഇപ്പോൾ സെറിഫെഡിൽ ഭരണം നടത്തുന്നത് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ആണോ; അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നാണ് ചാർജ്ജെടുത്തത്; ഈ കമ്മിറ്റിയെ എത്ര കാലത്തേക്കാണ് നിയമിച്ചിരിക്കുന്നത്;

(ഡി) സെറിഫെഡിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇവിടെ എന്ന് ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ഫെഡറേഷനിൽ ഭരണ സമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടന്നിട്ടില്ല.

(ബി) അഡ്മിനിസ്ട്രേറ്റേഴ്സാണ് ഭരണം നടത്തുന്നത്.

(സി) 17/9/1998-ലെ രജിസ്ട്രാറുടെ ഉത്തരവ് പ്രകാരമാണ് ചാർജ്ജെടുത്തത്. ആറു മാസത്തേയ്ക്കോ, തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി വരുന്നതു വരെയോ ഏതാണ് ആദ്യം എന്ന വ്യവസ്ഥയിലാണ് നിയമിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly